**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2157** **11-10-2021 - ൽ മറുപടിയ്ക്ക്**

**വ്യാജമരുന്നുകളുടെ വിതരണവും വില്പനയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അലോപ്പതി, ആയുർവ്വേദം ഉൾപ്പെടെയുള്ള വിഭാഗങ്ങളിലുള്ള വ്യാജമരുന്ന് വിപണനവും വിതരണവും വില്പനയും പരിശോധിച്ചിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | രാജ്യത്ത് അലോപ്പതി മരുന്നുകളുടെ വിതരണം / വിൽപ്പനയ്ക്ക് ഡ്രഗ്സ് റൂൾസ് 1945 ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം മൊത്ത/ ചില്ലറ ഔഷധ വ്യാപാര ലൈസൻസുകൾ അനിവാര്യമാണ്. രാജ്യത്തെ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികളുടെയും അന്താരാഷ്ട്ര കമ്പനികളുടെയും സംസ്ഥാനത്തുള്ള കമ്പനി ഡിപ്പോകൾ വഴിയാണ് മരുന്നുകൾ വിതരണത്തിനായി എത്തിക്കുന്നത്. സംസ്ഥാനത്ത് വളരെ ശക്തമായ ഒരു മരുന്നുവിതരണ ശൃംഖലയാണ് നിലവിലുള്ളത്. സംസ്ഥാന വിപണിയിലെ 98% മരുന്നുകളും അന്യസംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് ടി വിതരണ ശൃംഖലവഴിയാണ് വിറ്റഴിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള ഒരു വിതരണ ശൃംഖലയിലേക്ക് വ്യാജമരുന്നുകൾ ലഭ്യമാകുന്നില്ല എന്ന് വകുപ്പിലെ ഉദ്യോഗസ്ഥർ വളരെ കാര്യക്ഷമമായി നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. രാജ്യത്തെ മരുന്നുകളുടെ നിർമ്മാണ വിതരണ രീതികളെ സംബന്ധിച്ച് സമഗ്രമായ പഠനത്തിലേക്കായി കേന്ദ്രസർക്കാർ നിയോഗിച്ചിരുന്ന മാഷേൽക്കർ കമ്മറ്റിയുടെ റിപ്പോർട്ട് പ്രകാരം വ്യാജമരുന്നുകളൊന്നും ഇല്ലാത്ത സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം എന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി സമ്പ്രദായം നിലവിൽ വന്നതിനുശേഷം രാജ്യത്ത് എവിടെ നിന്നും നിയമപരമായി മരുന്നുകൾ വാങ്ങുന്നതിന് വ്യാപാരികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്. ഈ സമ്പ്രദായത്തിലൂടെ ഗുണനിലവാരമില്ലാത്തതോ വ്യാജ മരുന്നുകളോ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനായി ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ |

| | | | |
|---|---|---|---|
| | | | ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും മരുന്നുകൾ നേരിട്ട് വാങ്ങുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്. ആയുർവ്വേദ, സിദ്ധ, യുനാനി മരുന്നുകളുടെ വിതരണം/വിൽപ്പന എന്നിവയ്ക്ക് ഡ്രഗ്സ് റൂൾസ് 1945 പ്രകാരം ലൈസൻസ് ആവശ്യമില്ല. എന്നാൽ പ്രസ്തുത മരുന്നുകളുടെ നിർമ്മാണത്തിന് ഡ്രഗ്സ് റൂൾസ് 1945 പ്രകാരം ലൈസൻസ് ആവശ്യമാണ്. |
| (ബി) | വ്യാജമരുന്നുകൾ ഏതെല്ലാം വിഭാഗങ്ങളിലാണ് കൂടുതലുള്ളതെന്നും അവയുടെ വിപണനവും വിതരണവും വില്പനയും തടയുന്നതിനായി ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | കേരളത്തിലെ അലോപ്പതി മരുന്ന വിപണിയിൽ വളരെ ശക്തമായ വിതരണ ശൃംഖല നിലനിൽക്കുന്നതിനാൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതിന് മുൻപ് വരെ സംസ്ഥാനത്ത് വ്യാജമരുന്നുകളൊന്നും തന്നെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നാൽ ജി.എസ്.ടി സമ്പ്രദായം നിലവിൽ വന്നതിനുശേഷം രാജ്യത്ത് എവിടെ നിന്നും നിയമപരമായി മരുന്നുകൾ വാങ്ങുന്നതിന് വ്യാപാരികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്. ഈ സമ്പ്രദായത്തിലൂടെ ഗുണനിലവാരമില്ലാത്തതോ വ്യാജ-മരുന്നുകളോ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിനായി ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും മരുന്നുകൾ നേരിട്ട് വാങ്ങുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്. എന്നാൽ സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ വിഭാഗത്തിൽ 2020 വർഷത്തിൽ ഒന്നും ,ആയുർവ്വേദ മരുന്നുകളുടെ വിഭാഗത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ എട്ടു വ്യാജ മരുന്നുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് നടന്നുവരുന്ന ഇത്തരം വ്യാജ മരുന്ന വില്പന/വിതരണം/വിപണനം മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്രയാളുകളേയും സ്ഥാപനങ്ങളെയും കണ്ടെത്തിയെന്നും അവക്കെതിരായി എന്തൊക്കെ നടപടികൾ എടുത്തുവെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കാമോ? | (സി) | കോവിഡ് -19 രോഗ ചികിൽസയ്ക്ക് ഉപയോഗിക്കുന്ന Favipiravir എന്ന അലോപ്പതി മരുന്ന് Max Relief Healthcare, Solan, Himachal Pradesh എന്ന നിർമ്മാതാവിന്റെ പേരിൽ വ്യാജമായി നിർമ്മിച്ചത് ഗുജറാത്തിലെ (അഹമ്മദാബാദ്) ഒരു മൊത്ത വ്യാപാരിയിൽ നിന്ന് തിരുവനന്തപുരം പൂവാറിലെ ഒരു ചില്ലറ വ്യാപാരി വാങ്ങി വില്പന നടത്തിയതിന് പ്രസ്തുത സ്ഥാപനത്തിനെതിരെ 2021 വർഷത്തിൽ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനത്തിന്റെ വ്യാപാര ലൈസൻസുകൾ റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ അലോപ്പതി വിഭാഗത്തിൽ മേൽ വിവരിച്ചതല്ലാതെ മറ്റ് വ്യാജ മരുന്നുകൾ കണ്ടെത്തിയിട്ടില്ല. ആയുർവ്വേദ മരുന്നുകളുടെ വിഭാഗത്തിൽ അഞ്ചു വർഷത്തിനിടയിൽ ആകെ എട്ട് വ്യാജ മരുന്നുകൾ |

| | | | |
|---|---|---|---|
| | | | കണ്ടെത്തുകയും ഇവ നിർമ്മിച്ച സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. മെ. ഹൈടെക് ഹെർബൽസ്, മധുര 2. മെ. വിജയ ഫാർമസി, എറണാകുളം 3. മെ. സ്റ്റെപ് ക്രിയേഷൻ, തൃശ്ശൂർ 4. മെ.അമ്മാസ് ആര്യ വൈദ്യശാല, എറണാകുളം 5. ശാന്തിഗിരി സിദ്ധ ഏജൻസി, എറണാകുളം 6. വേദമിനി ആര്യ വൈദ്യ ശാല, കോഴിക്കോട് 7. വേദമിനി ആര്യ വൈദ്യ ശാല, കോഴിക്കോട് 8. വിൻട്രസ്റ്റ് ഫാർമസ്യൂട്ടിക്കൽസ്, ലുധിയാന |

സെക്ഷൻ ഓഫീസർ